**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ...ഓർഡർ.... കഴിഞ്ഞ വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകവരുത്തിയതിനുശേഷം അതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും ചെലവഴിക്കുകയുണ്ടായെന്നും നിയമസഭ അന്തിമമായ അനുമതി നൽകാതെ പ്രസ്തുത തുക ചെലവഴിക്കുന്നത് ചട്ട ലംഘനമാണെന്നും ഇക്കാര്യത്തിൽ ഒരു റൂളിങ്ങ് വേണമെന്നുമാണ് ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ ആവശ്യം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നമ്മുടെ കീഴ്വഴക്കങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ നടപടിക്രമത്തിൽ അപാകതയുണ്ടായിട്ടില്ലെന്നാണ് ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും പരിശോധിച്ചപ്പോൾ ചെയറിന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രസ്തുത ഡിമാന്റിന് കീഴിൽ സേവിംഗ്സ് കണ്ടെത്തി റഗുലറൈസ് ചെയ്യുകയെന്നുള്ളത് നമ്മുടെ സാധാരണഗതിയിലുള്ള ഒരു നടപടിക്രമം തന്നെയാണ്. നിയമസഭയിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് നടപടിക്രമം പാലിക്കുന്നതിൽ നിലവിലുള്ള കീഴ്വഴക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള

ലംഘനം ഉണ്ടായതായി കാണുന്നില്ല. ഇത് നമ്മുടെ സഭയിൽ വർഷങ്ങളായി അനുവർത്തിച്ചുവരുന്ന ഒരു നടപടിക്രമം തന്നെയാണെന്ന് മനസ്സിലാക്കുന്നു. അതുതന്നെയാണ് ഇത്തവണയും പാലിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ന് ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതോടുകൂടി അങ്ങ് ഉന്നയിച്ച പ്രശ്നങ്ങളിൽ അന്തിമമായ തീർപ്പാവുകയാണ്. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

താഴെപ്പറയുന്ന മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയം അവതരിപ്പിക്കേണ്ടതാണ്.